**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ധനകാര്യ വകുപ്പ് - 2019 ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (എസ്.എഫ്.സി. സെൽ - ബി) വകുപ്പ്**

**സ.ഉ.(സാധാ) നം. 10026/2019/ധന. തീയതി, തിരുവനന്തപുരം, 21.12.2019**

---

പരാമർശം :- 1) സ ഉ (പി) 384/2014/ധന തീയതി 05/09/2014.
2) സ ഉ (എം എസ്) 437/2016/ധന തീയതി 08/11/2016.
3) സ ഉ (എം എസ്) 503/2016/ധന തീയതി 21/12/2016.
4) സ ഉ (എം എസ്) 34/2017/ധന തീയതി 21/01/2017.
5) സ ഉ (എം എസ്) 67/2017/ധന തീയതി 06/02/2017.
6) സ ഉ (എം എസ്) 204/2017/ധന തീയതി 23/03/2017.
7) സ ഉ (എം എസ്) 241/2018/ധന തീയതി 06/07/2018.
8) സ.ഉ(സാധാ)നം. 10132/18/ധന. തീയതി 10.12.2018.
9) സ.ഉ(എം.എസ്.) 59/19/ധന. തീയതി 31.01.2019.
10) സ ഉ (സാധാ) 6713/2019/ധന. തീയതി 21.08.2019.
11) സ.ഉ (സാധാ) 9168/19/ധന. തീയതി 21.12.2019
12) സ.ഉ(സാധാ) 9477/19/ധന. തീയതി 02.12.2019
13) പഞ്ചായത്ത് ഡയറക്ടറുടെ 17.12.2019 തീയതിയിലെ കത്ത് നമ്പർ പി എ എൻ/16776/2019-ഡി ബി ടി2 (ഡി പി) .

**<u>ഉത്തരവ്</u>**

ഗുണഭോക്താക്കളുടെ താല്പര്യപ്രകാരം സാമൂഹ്യ സുരക്ഷാ പെൻഷൻ ബാങ്ക് അക്കൗണ്ട് വഴിയോ നേരിട്ടോ നൽകിവരുന്നു. 2019 ജൂലൈ മാസം വരെയുള്ള പെൻഷൻ ഇതിനകം വിതരണം ചെയ്തിട്ടുണ്ട്. 2019 ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകുന്നതിലേക്ക് ആകെ 1026,60,11,200/- (ആയിരത്തി ഇരുപത്തിയാറു കോടി അറുപതു ലക്ഷത്തി പതിനൊന്നായിരത്തി ഇരുന്നൂറ് രൂപ മാത്രം) അനുവദിക്കണമെന്ന് പരാമർശം 13 പ്രകാരം പഞ്ചായത്ത് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. **2019 ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകുന്നതിലേക്ക് ആവശ്യമായ** 1026,60,11,200/- (ആയിരത്തി ഇരുപത്തിയാറു കോടി അറുപതു ലക്ഷത്തി പതിനൊന്നായിരത്തി ഇരുന്നൂറ് രൂപ മാത്രം) **അനുവദിച്ച് ഉത്തരവാകുന്നു.** ഓരോ ഇനം സാമൂഹ്യ സുരക്ഷാ പെൻഷനും

വിതരണം ചെയ്യുന്നതിന് ആവശ്യമായ തുകയുടെ വിവരങ്ങൾ ഈ ഉത്തരവിനോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു.

3. 2019 ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകുന്നതിലേക്ക് ആവശ്യമായ തുകയായ 1026,60,11,200/- രൂപയിൽ (ആയിരത്തി ഇരുപത്തിയാറു കോടി അറുപതു ലക്ഷത്തി പതിനൊന്നായിരത്തി ഇരുന്നൂറ് രൂപ മാത്രം) കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിൽ നിന്നും സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനാവശ്യമായ 535,13,21,000/- രൂപ (അഞ്ഞൂറ്റി മുപ്പത്തഞ്ചു കോടി പതിമൂന്നു ലക്ഷത്തി ഇരുപത്തൊന്നായിരം രൂപ മാത്രം) പഞ്ചായത്ത് ഡയറക്ടറുടെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ തിരുവനന്തപുരം സിറ്റി ബ്രാഞ്ചിൽ ആരംഭിച്ചിട്ടുള്ള അക്കൗണ്ടിലേക്കും (എസ് ബി അക്കൗണ്ട് നമ്പർ 67234515304 (IFS Code : SBIN 0070028), നേരിട്ട് വീടുകളിൽ വിതരണത്തിനാവശ്യമായ 491,46,90,200/- രൂപ (നാനൂറ്റിതൊണ്ണൂറ്റൊന്ന് കോടി നാൽപ്പത്തിയാറു ലക്ഷത്തി തൊണ്ണൂറായിരത്തി ഇരുന്നൂറ് രൂപ മാത്രം) വെള്ളയമ്പലം സബ് ട്രഷറിയിൽ ആരംഭിച്ചിട്ടുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ ആവശ്യത്തിലേക്കുള്ള സ്പെഷ്യൽ ടി. എസ്. ബി. അക്കൗണ്ടിലേക്കും (അക്കൗണ്ട് നമ്പർ 799012100000001) ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു നൽകുന്നതിന് കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന് അനുവാദം നൽകുന്നു. ഇത്തരത്തിൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്ന പെൻഷൻ തുക 2019 ഡിസംബർ 21 മുതൽ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ നേരിട്ടും. ഗുണഭോക്താക്കളുടെ വീട്ടിൽ പ്രാഥമിക സഹകരണ സംഘങ്ങൾ വഴി പണമായും വിതരണം നടത്തിന്നതിനുള്ള ക്രമീകരണങ്ങൾ നടത്തുന്നതിന് പഞ്ചായത്ത് ഡയറക്ടറേറ്റിലെ ഡി.ബി.റ്റി. സെല്ലിനെ ചുമതലപ്പെടുത്തുന്നു. വിതരണം ചെയ്യാതെ അവശേഷിക്കുന്ന തുക 25.01.2019 നകം കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ പേരിൽ കേരള സംസ്ഥാന സഹകരണബാങ്കിന്റെ ഹെഡ് ഓഫീസ് ബ്രാഞ്ചിൽ തുടങ്ങിയിട്ടുള്ള 001101023000269 നമ്പർ അക്കൗണ്ടിലേക്ക് (IFS Code: KSBK 0000101) തിരിച്ചടയ്ക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പ്രതീപ് കുമാർ. ബി**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്

പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സഹകരണ സംഘം രജിസ്ട്രാർ
തദ്ദേശ സ്വയം ഭരണ (ഡി സി) വകുപ്പ്
ധനകാര്യ (എസ് എസ്) വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം,
വിവര പൊതുജന സമ്പർക്ക വകുപ്പ്.
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ്( (www.finance.kerala.gov.in)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്
(ഫയൽ നം.1367015/എസ് എഫ് സി ബി1/19/ധന)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

അനുബന്ധം

2019 **മെയ്, ജൂൺ, ജൂലൈ വരെ പെൻഷൻ വിതരണത്തിനു വേണ്ടി വരുന്ന തുകയുടെ വിശദാംശങ്ങൾ**

| **പ്രാദേശിക സർക്കാർ** | **പെൻഷൻ ഇനം** | **ബാങ്ക് (രൂപ)** | **ഡയറക്റ്റ് ടു ഹോം (രൂപ)** | **ആകെ (രൂപ)** |
|---|---|---|---|---|
| **മുനിസിപ്പാലിറ്റി** | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 316407000 | 336775800 | 653182800 |
| | ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | 43096400 | 53073000 | 96169400 |
| | ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | 183273600 | 175564800 | 358838400 |
| | കർഷക തൊഴിലാളി പെൻഷൻ | 22096800 | 55236000 | 77332800 |
| | 50 വയസ്സ കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 10032000 | 14544000 | 24576000 |
| | **ആകെ** | **574905800** | **635193600** | **1210099400** |
| **മുനിസിപ്പൽ കോർപ്പറേഷൻ** | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 260398800 | 111753000 | 372151800 |
| | ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | 35700200 | 14545800 | 50246000 |
| | ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | 170644800 | 49480800 | 220125600 |
| | കർഷക തൊഴിലാളി പെൻഷൻ | 5781600 | 4840800 | 10622400 |
| | 50 വയസ്സ കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 13154400 | 7502400 | 20656800 |
| | **ആകെ** | **485679800** | **188122800** | **673802600** |
| | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 2287966800 | 2033520600 | 4321487400 |
| | ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | 333374200 | 366232400 | 699606600 |
| | ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | 1297773600 | 1063027200 | 2360800800 |

| | | | | |
|---|---|---|---|---|
| ഗ്രാമപഞ്ചായത്ത് | കർഷക തൊഴിലാളി പെൻഷൻ | 308721600 | 551455200 | 860176800 |
| | 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 62899200 | 77138400 | 140037600 |
| | **ആകെ** | **4290735400** | **4091373800** | **8382109200** |
| **ആകെ മൊത്തം** | | **5351321000** | **4914690200** | **10266011200** |